**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2386 — 13.02.2013 ൽ മറുപടിയ്ക്ക്

**പമ്പയിലെ ഞുണങ്ങാർ റിവർ ട്രീറ്റ്മെന്റ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |
| (എ) പമ്പ ശുചീകരണത്തിനായി 2007-2008 ൽ ആരംഭിച്ച പമ്പയിലെ ഞുണങ്ങാർ റിവർ ട്രീറ്റ്മെന്റ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വ്യക്തമാക്കുമോ; | (എ) പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പാക്കുന്നില്ല. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം പമ്പയിലെ മലിനീകരണത്തിന്റെ തോത് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) പമ്പയിലെ മലിനീകരണ തോത് കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഞുണങ്ങാർ പമ്പാനദിയിൽ ചേരുന്ന ഭാഗത്ത് കോളിഫോം ബാക്ടീരിയയുടെ അളവിൽ കുറവുണ്ടായതായി ബോർഡ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ളതായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി ഇല്ലാതാക്കാൻ ആസൂത്രിത ശ്രമം നടന്നതായി മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ പരിസ്ഥിതി വകുപ്പു സെക്രട്ടറിയ്ക്ക് നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. ഞുണങ്ങാർ റിവർ ട്രീറ്റ്മെന്റിനെ അനുകൂലിച്ചും പ്രതികൂലിച്ചും പരാതികൾ ഉയർന്ന് വന്നിട്ടുള്ള സാഹചര്യത്തിൽ ട്രീറ്റ്മെന്റിന്റെ ആധികാരികത ശാസ്ത്രീയമായി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |
| (ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഏതെങ്കിലും കേസ് ബഹു: ഹൈക്കോടതിയിൽ നിലവിലുണ്ടോ ? | ഇതു സംബന്ധിച്ച് WP (C) 2348/2013 നമ്പറായി ശ്രീ.ശ്രീകുമാർ മുല്ലേപ്പിള്ളി ഫയൽ ചെയ്ത ഒരു കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ